# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

# അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | - | എൻ എസ് എസ് ജി എച്ച് എസ് കറുകച്ചാൽ |
| മേൽവിലാസം | - | കറുകച്ചാൽ പി ഒ , 686540 |
| സ്കൂൾ കോഡ് | - | 32039 |
| റവന്യൂ ജില്ല | - | കാഞ്ഞിരപ്പള്ളി |
| ഉപജില്ല | - | കറുകച്ചാൽ |
| മാനേജ്മെന്റ് | - | എയ്ഡഡ് |
| പഠനവിഭാഗം | - | ഹൈസ്കൂൾ വീഭാഗം |
| പഠനമാധ്യമം | - | ഇംഗ്ലീഷ് , മലയാളം |
| ഹെഡ്മിസ്ട്രസ് | - | ശ്രീലേഖ ആർ |
| അധ്യാപകർ | - | 5 |
| അനധ്യാപകർ | - | 4 |
| വിദ്യാർഥിനികൾ | - | 124 |

# ആമുഖം

വിദ്യാലയങ്ങൾ അറിവിന്റെകേന്ദ്രങ്ങളാണ്. വിദ്യാലയത്തിന്റെ വേരുകൾ സമൂഹത്തിലേയ്ക്ക് ആഴ്ന്നിറങ്ങുമ്പോഴാണ് സാമൂഹീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നത്. വ്യക്തമായ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന എൻ എസ് എസ് മാനേജ്മെന്റാണ് സ്കൂളിന്റെ ശക്തികേന്ദ്രം. കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ വേണ്ടി തയ്യാറാക്കുകയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

ലോകത്തെ നവീകരിച്ചുകൊണ്ടിരിക്കാനുള്ള ഏറ്റവും പ്രധാന ആയുധം വിദ്യ തന്നെയാണ് എന്ന ആത്യന്തിക സത്യത്തിൽ അടിയുറച്ചുകൊണ്ടു നിന്ന് ഈ വിദ്യാലയം അതിന്റെ ഉജ്ജ്വലമായ യാത്ര തുടരുന്നു.

# വിദ്യാലയചരിത്രം

കറുകച്ചാലിൽ കുരുപ്പള്ളിക്കു സമീപം ആറ് ഏക്കർ വിസ്തീർണ്ണമുള്ള എൻ എസ് എസ് എസ്റ്റേറ്റ് ഒരു ഭാഗത്ത് ചങ്ങനാശ്ശേരി വാഴൂർ റോഡിന്റെ അരികിലായി ഒരു ചെറിയ കുന്നിന്റെ മുകളിൽ പ്രകൃതി രമണീയതയ്ക്ക് മാറ്റ് കൂട്ടിക്കൊണ്ട് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നു. എൻ എസ് എസ് കവലയും വാഴൂർ റോഡും സമീപത്താണെങ്കിലും ആരവങ്ങൾ ഒന്നും തന്നെ ഈ സ്കൂളിനെ ബാധിക്കുന്നില്ല. അഭിവന്ദ്യരായ ശ്രീ മന്നത്തു പദ്മനാഭൻ പടുത്തുയർത്തിയ നായർ സർവ്വീസ് സൊസൈറ്റിയുടെ ആദ്യ വിദ്യാലയങ്ങളിൽ ഒന്നാണ് എൻ എസ് എസ് ഹൈസ്കൂൾ. പെൺ കുട്ടികൾ മാത്രമായി ഒരു സ്കൂൾ എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് 1976 ൽ ഈ സ്കൂൾ ബൈഫോർക്കേറ്റ് ചെയ്ത് എൻ എസ് എസ് ഗേൾസ് ഹൈസ്കൂളായി മാറി.

# ലക്ഷ്യം

1. എട്ട് മുതൽ പത്ത് വരെയുള്ള ക്ലാസ്സിലെ മുഴവൻ കുട്ടികൾക്കും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ശേഷികൾ ആർജിക്കുക.
2. നിരന്തര മൂല്യനിർണ്ണയം ചിട്ടപ്പെടുത്തുക.
3. ശിശുസൗഹൃദവും ആരോഗ്യകരവുമായ വിദ്യാലയ അന്തരീക്ഷം സജ്ജമാക്കുക.
4. വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളെ ഏകോപിച്ചുകൊണ്ട് നേതൃത്വപാടവം, ആശയവിനിമയ ശേഷി, ജനാധിപത്യ ബോധം, ശാസ്ത്രബോധം, സർഗരചന, വായനാശീലം, എന്നിവ പ്രോത്സാഹിപ്പിക്കുക.

5. ദിനാചരണങ്ങളെ അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക വഴി സവിശേഷദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുക.
6. പ്രാദേശിക പഠനയാത്രകൾ സംഘടിപ്പിച്ച് സ്വയം പഠനമികവ് നേടുക.
7. ഐ. സി. റ്റി കൂടുതൽ കാര്യക്ഷമമാക്കുക.
8. ശാരീരിക മാനസിക വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന കുട്ടികൾക്ക് പിന്തുണ നൽകി പ്രപ്തരാക്കുക.

# വിദ്യാലയ കാഴ്ചപ്പാട്

ഓരോ വിഷയത്തിലും അറിവും ശേഷികളും അതാത് ക്ലാസ്സുകളിൽ നേടുന്നുവെന്ന് ഉറപ്പാക്കുന്നതിനോടൊപ്പം മൂല്യങ്ങൾ, പരിസ്ഥിതിബോധം, സഹിഷ്ണുത, മുതലായവ വളർത്തുന്നതിന് യോജിക്കുന്ന രീതിയിൽ വിദ്യാലയ അന്തരീക്ഷം ഒരുക്കുക.

# ഭൗതിക പരിമിതികൾ

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല ഇല്ല. ലൈബ്രറി നവീകരിക്കണം. സ്ഥലസൗകര്യം ഉണ്ടെങ്കിലും അനുയോജ്യമായ കളിസ്ഥലം ഒരുക്കിയിട്ടില്ല. ആകർഷകമായ രീതിയിൽ പൂന്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ സജ്ജമാക്കേണ്ടതുണ്ട്. പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാൽ പഠന സമയത്തുള്ള ചില പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പരിമിതി വരുന്നു. കലാകായിക പരിശീലനത്തിന് അധ്യാപകരുടെ പൂർണ്ണമായ സേവനം ലഭ്യമാകുന്നില്ല.

# മേഖല ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും വായിക്കുവാനും എഴുതാനുമുള്ള ശേഷി വർദ്ധിപ്പിക്കുക | പരീക്ഷ, പഠനപ്രവർത്തനങ്ങൾ എന്നിവയിലൂടെ മെച്ചപ്പെടുത്തുക.<br><br>വിവിധ വ്യവഹാരരൂപങ്ങളുടെ അടിസ്ഥാനത്തിൽ മൂല്യനിർണയം നടത്തി പരിഹാരബോധനം നടത്തുക | അക്കാദമിക വർഷം | മലയാളം അധ്യാപിക | പി ടി എ |

| | | | | |
|---|---|---|---|---|
| സർഗാത്മക രചനകൾ വികസിപ്പി ക്കുക | ലൈബ്രറി പുസ്ത കങ്ങളിലൂടെ വായനാക്കുറി പ്പ് തയ്യാറാ ക്കൽ, പാഠഭാ ഗവുമായി ബന്ധപ്പെട്ട കൃതികൾ പരിചയപ്പെടൽ, ഇവയെല്ലാം ക്ലാസ് തല ത്തിൽ സംഘടി പ്പിക്കുക. വിദ്യാരംഗം ക്ലബ്ബിന്റെ ആഭി മുഖ്യത്തിൽ ശില്പശാല ദി നാചരണം സ്കൂൾ മാഗസിൻ, പതിപ്പുകൾ എന്നിവ തയ്യാറാക്കൽ | 7 മാസം | മലയാളം അധ്യാപിക SRG വിദ്യാരംഗം ക്ലബ്ബ് | പി ടി എ |

| | | | | |
|---|---|---|---|---|
| ഭിന്നശേഷി ക്കാരായ കുട്ടികളെ പരിഗണി ക്കൽ | റിസോഴ്സ് അദ്ധ്യാപികയുടെ സഹായത്തോടെ അനുയോജ്യമായ പഠനപ്രവർത്തന ങ്ങൾ നൽകൽ, അക്ഷരങ്ങൾ, പദപരിചയം, ചിത്രവായന എന്നിവയിലൂടെ പരിചയപ്പെടൽ | 8 മാസം | മലയാളം അധ്യാപിക | പി ടി എ |
| സാങ്കേതിക അധ്യാപന ത്തിലൂടെ കുട്ടികളുടെ അഭിരുചി വളർത്തൽ | പാഠഭാഗങ്ങൾ ഐ റ്റി സാങ്കേതികവിദ്യ യിലൂടെ പരിചയപ്പെടൽ | അക്കാദ മിക വർഷം | മലയാളം അധ്യാപിക | വിദ്യാരംഗം ക്ലബ്ബ് |

# മേഖല ഹൈസ്കൂൾ -ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രപ്തരാക്കുക | English library നവീകരണം<br>English corner story time.<br>English cartoon പ്രദർശനം<br>English assembly | അവധി ക്കാലം<br>ശനിയാഴ്ച കൾ | ഇംഗ്ലീഷ് അധ്യാപിക | പി ടി എ |
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് | Role play, English day, seminar ചർച്ചകൾ പ്രശസ്തരായ ഇം | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപിക | പി ടി എ |

| | | | | |
|---|---|---|---|---|
| അവസരം ഒരുക്കുക | ഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാ | | | |
| | റാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു | | | |
| നാടകീകരണം | English assembly, skit, pupet show, english lab.കഥാപ്രസംഗം സംഘടിപ്പിക്കൽ | 7 മാസം | ഇംഗ്ലീഷ് അധ്യാപിക, ക്ലബ്ബ് SRG | പി ടി എ |
| സാങ്കേതിക വിദ്യാഭ്യാസ | പ്രശസ്തരായ എഴുത്തുകാർ, | അവധിക്കാലം | | |

| | | | | |
|---|---|---|---|---|
| ത്തിലൂടെ ഇംഗ്ലീഷ് ഭാഷ വികസിപ്പി ക്കുക,സംവാ ദ സദസ്സുകൾ സംഘടിപ്പി ക്കുക | വിവിധ മേഖ ലയിലെ പ്രശ സ്തവ്യക്തി കൾ എന്നിവ രുമായുള്ള അഭിമുഖം, English fest, video conference | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപിക, ക്ലബ്ബ് SRG | പി ടി എ |

# മേഖല ഹൈസ്കൂൾ – സോഷ്യൽസയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠന രീതി വികസിപ്പിക്കുക | പ്രാദേശിക പത്ര നിർമാണം പ്രാദേശിക വാർത്തകൾ ശേഖരിച്ച് ഒരു പത്രം രൂപപ്പെടുത്തുക | ഓരോ മാസം | സോഷ്യൽസയൻസ് അധ്യാപിക | സോഷ്യൽ സയൻസ് ക്ലബ്ബ് കുട്ടികൾ |
| ചരിത്രപഠനം കാര്യക്ഷമമാക്കുക | ചിത്രഗാലറി- ചരിത്രകാരൻമാരുടെ ചിത്ര | | | |

| | | | | |
|---|---|---|---|---|
| | ങ്ങൾ, കുട്ടികളുടെ തനത് സൃഷ്ടികൾ, മഹത് വചനങ്ങൾ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ ഇവ ചേർത്ത് ചിത്രപ്രദർശനം നടത്തുക | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപിക ക്ലബ്ബ് SRG | അധ്യാപിക പി ടി എ രക്ഷിതാക്കൾ |

# മേഖല ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അത്ഭുതകണ്ണിലൂടെ: കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം, എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുൻപിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ | അക്കാദമി | സയൻസ് | പി ടി എ |

| | | | | |
|---|---|---|---|---|
| | പ്രദർശനം ക്ലാസിൽ പൊതുവേദി യിൽ അവതരി പ്പിക്കുന്നു. | ക വർഷം | അധ്യാപകർ | |
| ശാസ്ത്രലോക ത്തേക്ക്: നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവര ങ്ങൾ വിശക ലനം ചെയ്യാ നുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസിൽ സെമി നാർ പേപ്പറു കൾ അവതരി പ്പിച്ച് മെച്ചപ്പെട്ട ത് പൊതുവേദി കളിൽ അവത രിപ്പിക്കാനുള്ള അവസരം നൽ കുന്നു. വർഷ ത്തിൽ ഒരു പ്രാവശ്യം കുട്ടി കൾ ഉണ്ടാക്കി യ വസ്തുക്കൾ പ്രദർശിപ്പി ക്കാൻ അവസ രം നൽകുന്നു. ശാസ്ത്ര ശില്പശാ ലകൾ സംഘടി | അക്കാദമി ക വർഷം | സയൻസ് അധ്യാപകർ ക്ലബ് | പി ടി എ |

| | | | | |
|---|---|---|---|---|
| | പ്പിക്കുന്നു. | | | |
| ഹൈടെക്ക് വേൾഡ്: മാനവിക തയിൽ ഊ ന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസുകൾ ഹൈടെക്ക് ആക്കുക ,ക്ലാസു കളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകര ണം, സയൻസ് ലാബ് ആധുനി ക വൽക്കരി ക്കുക | അക്കാദമി ക വർഷം | സയൻസ് അധ്യാപകർ ക്ലബ് | പി ടി എ |
| ആയുർരേഖ : പരിസ്ഥി തി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുക തണൽ വൃക്ഷ ങ്ങൾ നട്ട് പിടിപ്പിക്കൽ ഔഷധത്തോട്ടം | അക്കാദമി ക വർഷം | സയൻസ് അധ്യാപകർ ഇക്കോക്ലബ് | പി ടി എ മാനേജ് മെന്റ് കൃഷിവകുപ്പ് |

| | | | | |
|---|---|---|---|---|
| | പച്ചക്കറിത്തോട്ടം എന്നിവ നിർമിക്കൽ സമ്പൂർണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്. | | | ഹരിതസേന അധ്യാപകർ |
| വൈജ്ഞാനിക ബഹിർസ്ഥരണം അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുക സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ് , സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നതിനായി പരിശീ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ സയൻസ് ക്ലബ് | രക്ഷിതാക്കൾ മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| | ലിപ്പിക്കൽ. ശാസ്ത്രകാരന്മാരുമായി സംവദിക്കൽ എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ മോക്ക് ഇന്റർവ്യൂ സംഘടിപ്പിക്കൽ | | | |

# മേഖല ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുഷ്ക്രിയ ഉറപ്പിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, വർക്ക് ഷീറ്റ് ഗണിത കളികൾ | ജൂൺ മാസം | ഗണിത അധ്യാപിക | പി ടി എ |
| മിടുക്കരായ കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ | ഗണിത ക്വിസ്, മത്സര പരീക്ഷകൾ എന്നിവയ്ക്ക് അനുയോജ്യമായ ചോദ്യ ശേഖരം നൽകുന്നു | തുടർപ്രവർത്തനം | ഗണിത അധ്യാപിക | പി ടി എ |

| | | | | |
|---|---|---|---|---|
| ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിതചാർട്ട്, കുസൃതി കണക്കുകളുടെ ശേഖരണം. നാട്ടറിവുകൾ, മാഗസിൻ, ക്വിസ്, ക്ലബ് | എല്ലാ മാസവും | ഗണിത അധ്യാപിക | പി ടി എ |
| ക്രിയാത്മകത, കൃത്യത, സൂഷ്മത,നിർമിതിയിലെ ശേഷി കൈവരിക്കൽ | ഗണിത വർക്ക്ഷോപ്പുകൾ, ജ്യാമിതീയ പാറ്റേണുകൾ ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത. | തുടർപ്രവർത്തനം | ഗണിത അധ്യാപിക | പി ടി എ |
| ഗണിതരൂപങ്ങൾ, അളവു | ശില്പശാല, ക്ലബ്ബ് പ്രവർ | | | |

| | | | | |
|---|---|---|---|---|
| കൾ, ഇവ പരിചയപ്പെടൽ, കുട്ടികളുടെ മികച്ച ഭാവനകൾ | ത്തനങ്ങൾ. സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കൽ, ഉത്തരം വിശകലനം ചെയ്ത് അവതരിപ്പിക്കൽ | ആഴ്ചയിൽ ഒന്ന് | ഗണിത അധ്യാപിക ക്ലബ്ബ് അംഗങ്ങൾ | പി ടി എ |
| ഗണിത മത്സര വേദിയിലേക്ക് | ഗണിതമേളകളിലേക്ക് താല്പര്യമുള്ള കുട്ടികളെ പ്രപ്തരാക്കുന്നു | ആദ്യത്തെ ടേമിൽ | ഗണിത അധ്യാപിക | പി ടി എ |
| ഐ സി ടി സാധ്യത വികസിപ്പിക്കുക | സമഗ്ര, ജിയോജിബ്ര ഇവ ഉപയോഗിച്ച് ഗണിത | തുടർപ്രവർത്തനം | ഗണിത അധ്യാപിക | പി ടി എ |

| | | | | |
|---|---|---|---|---|
| | പഠനം | | | |

# മേഖല ഹൈസ്കൂൾ – ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി എഴുതാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ ജൂലൈ | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ്ബ് |
| രാഷ്ട്രഭാഷയോടുള്ള അഭിരുചി | കഥാ വായന കവിത വായന എന്നിവ | ജൂൺ ജൂലൈ | ഹിന്ദി അധ്യാപിക | പി ടി എ |

| | | | | |
|---|---|---|---|---|
| വർദ്ധിപ്പിക്കുക. | യ്ക്ക് അവസരം നൽകുന്നു. ഹിന്ദി ക്ലബ്ബ് രൂപീകരിച്ച് ബുള്ളറ്റിൻ ബോർഡുകൾ തയ്യാറാക്കൽ | | | |
| മാതൃഭാഷ പോലെ തന്നെ ഹിന്ദി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു. | കുട്ടികളുടെ അധികവായന ലക്ഷ്യമാക്കിക്കൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ, ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തുക ഹിന്ദി ദിനാചരണത്തിന്റെ ഭാഗമായി ഹിന്ദി ഫെസ്റ്റ് | ആഗസ്റ്റ് നവംബർ | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | നടത്തുക | | | |
| ദിനാചരണങ്ങൾ | ഹിന്ദി ദിനം പരിസ്ഥിതിനം, ശിശു ദിനം എന്നീ ദിവസങ്ങളിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കുക. വിദ്യാർഥികൾക്കുള്ള പ്രവർത്തനങ്ങളിൽ ഹിന്ദിയുടെ സാന്നിധ്യം ഉറപ്പാക്കുക | ജൂൺ മാർച്ച് | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ്ബ് |

# മേഖല ഹൈസ്കൂൾ – കലാകായികം, ആരോഗ്യം

| ലക്ഷ്യം | പ്രവർത്തന ങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച ഭൗതിക സൗകര്യങ്ങളും അതോടൊപ്പം പോഷകാഹാര ലഭ്യതയും ഉറപ്പുവരുത്തി മുഴുവൻ കുട്ടികളേയും കായിക ക്ഷമതയുള്ളവരാക്കുകയും കായികമേളയ്ക്ക് മികച്ച വിജയം ഉറ | ആരോഗ്യ മേഖലയിലെ വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുക. ഉച്ചഭക്ഷണ പദ്ധതി കൂട്ടുതൽ പോഷക സമൃദ്ധമാക്കുക .ക്ലാസ് തല സ്കൂൾ തല കായികമേളകൾ സംഘ | ജൂൺ മാർച്ച് | കായിക അധ്യാപകൻ ഇതര അധ്യാപകർ | പി ടി എ |

| | | | | |
|---|---|---|---|---|
| പ്പാക്കുകയും ചെയ്യുക. | ടിപ്പിക്കുക മികച്ച പരിശീലനം ഉറപ്പു വരുത്തുക. | | | |
| കുട്ടികൾക്ക് വിവിധ കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പാകത്തിന് സംവിധാനം ഒരുക്കുക. | സ്കൂൾ ഗ്രൗണ്ട് നിരപ്പാക്കി കായിക പ്രവർത്തനത്തിന് സജ്ജമാക്കുക . വിവിധ കോർട്ടുകളൊരുക്കുക. ഓരോ ക്ലാസിലും അനുയോജ്യമ ായ കായിക ഉപകരണങ്ങൾ ലഭ്യമാക്കുക | ജൂൺ മാർച്ച് | ഹെഡ്മിസ്ട്രസ് | പി ടി എ |

| | | | | |
|---|---|---|---|---|
| കലാരംഗത്ത് വ്യത്യസ്ത മേഖലകളിൽ കഴിവുള്ള കുട്ടികളെ കണ്ടു പിടി ച്ച് അവർക്ക് ആവശ്യമായ പരിശീലനം നൽകി സ്കൂളിനെ ടാലന്റ് ലാബ് ആക്കുക. | ഓരോ ക്ലാസിലും കലാവിഭാഗ ങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്ന കുട്ടികളെ കണ്ടെത്തുക പ്രാദേശിക വിദഗ്ധരെ ഉപയോഗിച്ച് പരിശീലനം നൽകുക. | അക്കദമിക വർഷം | സ്കൂൾ അധ്യാപകർ | പി ടി എ<br><br>വിവിധ ക്ലബ്ബു കൾ |

# ക്ലബ്ബ് പ്രവർത്തനങ്ങൾ

വിഷയാധിഷ്ഠിത ക്ലബ്ബ്

ലഹരി ക്ലബ്ബ്

ലിറ്റിൽ കൈറ്റ്സ്

എക്കോ ക്ലബ്ബ്

സുരക്ഷാ ക്ലബ്ബ്

വിദ്യാരംഗം സാഹിത്യ വേദി

ടീൻസ് ക്ലബ്ബ്

ജൂനിയർ റെഡ്ക്രോസ്

# മേഖല ഹൈസ്കൂൾ – ഐ സി ടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ ഐ സി ടി യുടെ സഹായത്തോടെ അധ്യാപകരെ മെച്ചപ്പെടുത്തുക | പാഠഭാഗങ്ങൾ ഐ സി ടി യിലൂടെ കുട്ടികളെ പരിചയപ്പെടുത്തുക | അക്കാദമിക വർഷം | സ്കൂൾ അധ്യാപകർ | പി ടി എ |
| ഐ സി ടി സാധ്യത മെച്ചപ്പെടുത്തുക | മേളകൾക്ക് ഐ ടി യുടെ വിവിധ മേഖലകളിൽ കുട്ടികളെ പങ്കെടുപ്പിക്കുക | ജൂൺ - നവംബർ | SITC | പി ടി എ |

# *ഗുണമേന്മാപദ്ധതി*

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലഹരി ഉപയോഗത്തിനെതിരെ കുട്ടികളെ പ്രാപ്തരാക്കുക | ഉപന്യാസം ഫ്ലാഷ് മോബ് റാലി പോസ്ററർ രചന | 1 മണിക്കൂർ | അധ്യപകൻ | പി ടി എ |
| റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ, എന്നിവയെ പറ്റി | സ്കിറ്റ് | 1 മണിക്കൂർ | അധ്യപകൻ | പി ടി എ |

| | | | | |
|---|---|---|---|---|
| ബോധനാന്മാരാക്കുക | | | | |
| ശുചിത്വത്തെക്കുറിച്ച് കുട്ടികളിൽ ഉണർവ്വുണ്ടാക്കുക | ജീവിത ശൈലീ രോഗങ്ങളെ കുറിച്ചുള്ള ക്ലാസ് | 1 മണിക്കൂർ | അധ്യപകൻ | പി ടി എ |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ കായിക ക്ഷമത വർദ്ധിപ്പിക്കുക | യോഗാക്ലാസ് സൂംബ ഡാൻസ് | 1 മണിക്കൂർ | അധ്യപകൻ | പി ടി എ |
| ഡിജിററൽ അച്ചടക്കത്തെ കുറിച്ച് ബോധവാന്മാരാക്കുക | സൈബർ ക്ലാസ് സ്കിററ് | 1 മണിക്കൂർ | അധ്യപകൻ | പി ടി എ |
| പൊതുമുതൽ സംരക്ഷണം, പരസ്പര സഹകരണം എന്നിവയെപ്പററി ധാരണയുണ്ടാക്കുക | ഗയിം ക്ലാസ് | 1 മണിക്കൂർ | അധ്യപകൻ | പി ടി എ |
| പഠനപിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള ക്ലാസ് | ക്ലാസ് | 1 മണിക്കൂർ | അധ്യപകൻ | പി ടി എ |

# മോണിറ്ററിംഗ്

***ക്ലാസ് തലം :***

HM, Class Trs, class PTA പ്രതിനിധികൾ

എന്നിവരടങ്ങുന്ന സമിതി ക്ലാസ് തലത്തിൽ പ്രവർത്തനങ്ങൾ

വിലയിരുത്തുന്നു.

***സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (SRG) :***

പ്രതിവാര SRG യോഗങ്ങളിൽ പ്രവർത്തനങ്ങൾ , Feed back എന്നിവ

കൺവീനർ അവതരിപ്പിക്കും. പ്രവർത്തനങ്ങളുടെ Documentation

തയ്യാറാക്കും.

***HM :***

പഠനാസൂത്രണം പരിശോധന, ക്ലാസ് പരിശോധന, പദ്ധതി

നടത്തിപ്പിന്റെ മുഖ്യ ചുമതല വഹിക്കും.

***സ്കൂൾ തല മോണിറ്ററിംഗ് സമിതി :***

HM ന്റെ അധ്യക്ഷതയിൽ PTA President,Mother PTA, SRG Convenor, Staff secretary, എന്നിവർ അംഗങ്ങളായ സമിതി സ്കൂൾ തലത്തിൽ മോണിറ്ററിംഗ് നിർവ്വഹിക്കും.

# ഉപസംഹാരം

എൻ എസ് എസ് ജി എച്ച് എസ് ന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ കൃത്യമായ രീതിയിൽ തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായി പ്രവർത്തികമാക്കാൻ ഈ മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾക്ക് സാധിക്കുമെന്ന വിശ്വാസം അധ്യാപകർക്കുണ്ട്. സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശത്തിലടിയുറച്ചു കൊണ്ട് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നു.

# അനുബന്ധം

ഈ മാസ്റ്റർ പ്ലാൻ രൂപീകരണത്തിനായി 20/05/25 SRG യോഗം ചേർന്നു. ചർച്ചകൾക്കു ശേഷം ഓരോ അധ്യാപകരും അവരുടെ വിഷയം സംബന്ധിച്ച വിവരങ്ങൾ അധ്യയന വർഷാരംഭത്തിൽ തയ്യാറാക്കാൻ 30/05/25 ൽ കൂടിയ SRG തീരുമാനിക്കുകയും ചെയ്തു. ഈ വർഷത്തിലെ പ്രഥമ PTA Executive, SRG ,കമ്മിററിയിൽ പ്ലാൻ അവതരിപ്പിച്ച് അംഗീകരിച്ചു.

# സ്കൂൾ പ്രവർത്തന കലണ്ടർ – 2025-26

JUNE

1 – പ്രവേശനോത്സവം ( All )

5 – പരിസ്ഥിതി ദിനം ( SS Club )

19-വായനാദിനം ( വിദ്യാരംഗം )

21-യോഗാദിനം ( All )

26-ലഹരിവിരുദ്ധദിനം ( All )

JULY

5 – ബഷീർ അനുസ്മരണം ( വിദ്യാരംഗം )

5 -ലോക ജനസംഖ്യാദിനം ( SS Club )

21- ചാന്ദ്രദിനം ( Sci Club )

AUGUST

6 – ഹിരോഷിമാദിനം ( SS Club )

9 – നാഗസാക്കിദിനം ( SS Club )

15-സ്വാതന്ത്ര്യദിനം ( SS Club )

SEPTEMBER

5 – അധ്യാപകദിനം ( All )

16- ഓസോൺദിനം ( Sci Club )

OCTOBER

2 -ഗാന്ധിജയന്തിദിനം ( SS Club )

24-ഐക്യരാഷ്ട്രദിനം ( SS Club )

31- NSS പതാകദിനം ( All )

NOVEMBER

14- ശിശുദിനം ( SS Club )

DECEMBER

5 - മണ്ണ്ദിനം ( SS Club )

JANUARY

2 - മന്നംജയന്തിദിനം ( All )

26- റിപ്പബ്ലിക്ക്ദിനം ( SS Club )

MARCH

22- ലോകജലദിനം ( SS Club )

# ചിത്രങ്ങൾ

## *SPORTS*





# *TEENS CLUB*





## *FOOD FEST*

# *YOUTH FESTIVAL*



## *ദിനാചരണം*



NSSGHS KARUKACHAL
പരിസ്ഥിതി ദിനാചാരണം
പ്രത്യേക അസംബ്ലി
ഈശ്വര പ്രാർഥന
പരിസ്ഥിതി ദിന സന്ദേശം : ശ്രീ അനിൽ കെ പ്രകാശ് ചന്ദ്രൻ
(സബ് ഇൻസ്പെക്ടർ കറുകച്ചാൽ പോലീസ് സ്റ്റേഷൻ )
ആദരവ് : ശ്രീമതി ഗീതാകുമാരി
(ഹരിതകർമ സേന അംഗം കറുകച്ചാൽ )
കുട്ടികളുടെ പരിപാടികൾ




# *ECCO CLUB*





## *LITTLE KITES*



## *RED CROSS*




NSS GHS KARUKACHAL
TATA consultancy Essay competition
winners

## *SSLC ഉന്നത വിജയം കരസ്ഥമാക്കിയ*

## *കുട്ടികളുടെ വീടുകളിൽ സന്ദർശനം*

